# MURIYAMMOOD L P S

# ACADEMIC MASTER PLAN 2025-26

# INTRODUCTION

The Goal is for the first grader to handle english fluently. The First grader must go from small word to big word. must able to read, write and speak english with it. no child should be able to speak english - Fluently, like malayalam.

The Academic master plan is designed to ensure that not a single child goes eilliterate.

# Aim - Objectives

## Learning out comes :-

* Simple words, simple sentence, add more lines, description make sure these are in the childrens.
* Responds to simple introduction in the class room.

  Eg :→ May I come in teacher.
* Describes orally about pictures and objects using adjectives.

  [colour, size, shape etc..]
* Familiar uses with words identifies.
* Enjoys songs and sings them with rythm and action.
* Familiarises the names of birds, animals their young ones and identifies them from pictures.
* To speak, read and wrote english without any mistakes.

## Aim :→

* Simple words, simple sentences to speak. Read and wrote make sure these are in the childrens.

Pretest

To develop listening skills and reading skills. First listening skills.

* Familiarises with words like Ant, apple, bat, bag etc.. and identifies the words.

## Action plan - Activities

### JUNE :->

* Simple words introducing
* provides picture card
* Gives a familiar magic picture card (Apple, Ant, umbrella)

### July :->

* Says the familiar words
* writing familiar words
* Reading familiar words.

### August :->

• Enjoys songs and sings them with rythm and action.

• Describes orally about picture and objects using adjectives.

[colours, shape, small, big etc..]

### September :->

• Read and write simple words and simple sentences.

• provides picture cards and reading cards.

## October :->

* Introduce Symbol picture descriptions.
* make word chain, sentence chain.
* make riddles.
* Describing words rhyming words.
* Text-book activities.

## November :->

* prepare reading cards.
* provide more opportunities to read, write, and speak English.
* Writes Five English words daily.

## December :->

* Read and understand simple instructions in the classroom.
* Encourage digital reading.

## January :->

* Enjoy songs and sings them with Rhythm and action
* make picture albums
* collect pictures of animals and its young ones.

## February :->

* provide the opportunity to express myself in the classroom.
* English assembly once in a week.

## March :->

* Speaks English fluently.
* Read and write simple sentence
* picture reading and picture description.

# ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾക്കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും, ഗണിതത്തിലും, കൂടുതൽ അവബോധം ഉണ്ടാക്കാനും, സമൂഹത്തിൽ വിദ്യസമ്പന്നരായി മാറാനും, ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിയ്ക്കും സാധ്യമാകുന്നതാണ്. സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഉപജില്ലയിലുള്ള കുറിയാംകൂട് എൽ.പി. സ്കൂളിലെ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ഈ അധ്യയന വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതകളുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ :-

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും, അക്ഷരങ്ങൾ വായിക്കാനും, സ്വന്തം വ്യവഹാര രൂപങ്ങളിൽ എഴുതാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും പ്രാപ്തരായ വായനക്കാരാക്കി- കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ ഉൾക്കൊള്ളുന്ന സ്വഭാവം ഉള്ളതായ ലഘുവാക്യങ്ങളിൽ എഴുതി, പ്രദർശിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നത് ഉറപ്പ് വരുത്തുക.
- രക്ഷിതാക്കളിലേക്കും, അധ്യാപികമാരിലേക്കും സമൂഹത്തോട് വിവിധ വ്യവഹാര രൂപങ്ങളിൽ എഴുതിയാൽ, അവ സാമൂഹ്യമാധ്യമങ്ങളിൽ പങ്കിടൽ.
- രക്ഷിതാക്കളായ വായനക്കാരെയും സൃഷ്ടിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ പരിശീലനങ്ങൾ നൽകുന്നു.
- ഡിജിറ്റൽ സാധ്യതകൾ, വായനാക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായ- ത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എന്നിവ എഴുതുന്നു, വായിക്കുന്നു.
- കഥകൾ, തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ട് ചെറുവരികൾ സ്വന്തമായി രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ :→

- ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും, വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റേയും അധ്യാപികയുടേയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റേയും, അധ്യാപകരുടേയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ :→

പ്രവർത്തനങ്ങൾ :→

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണ ശിൽപശാല.

* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ :→

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാമൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും, തിരഞ്ഞ് എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരച്ചാർട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ് :→

* റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാ ശേഷി വികസനത്തിനായി അക്ഷരച്ചാർട്ടുകൾ, ചിത്ര വായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു.

* രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* അക്ഷര ബോധനത്തിലൂടെ വ്യവഹാര രൂപങ്ങളിൽ എത്തിച്ചേരുന്നു.

## സെപ്റ്റംബർ :→

* സാംസ്കൃത ശേഷി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സാംസ്കൃത ശേഷി മെച്ചപ്പെടുത്തുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും, വായനക്കാരുമായി മാറുന്നു.

## ഒക്ടോബർ :→

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷാ പ്രവർത്തനങ്ങൾ, സർഗ്ഗാത്മകവും, സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിയ്ക്കുകയും, ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ അനുരൂപണം ചെയ്ത് നടത്തുന്നു.

## നവംബർ :→

- സാഹിത്യ ഡയറി കൂടുതൽ മെച്ചപ്പെടുത്തി സ്വന്തമായ രചനകൾ ആകുന്നു.
- കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു.
- പത്രവായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ.

## ഡിസംബർ :→

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും, കൗതുകകരവുമായി അവതരിപ്പിക്കും.
- രചനാശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സംസാരിച്ച് കൂട്ടെഴുത്ത് നടത്തും.

- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ അക്ഷരം ചോർന്ന് പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂട്ടുകാർ മെച്ചപ്പെടുത്തുന്നു.

## ജനുവരി :→

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാ ശിൽപശാലകൾ നടത്തുന്നു.
- ശിശു സാഹിത്യങ്ങൾ, വായനാ കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.
- ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുൻപിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി :→

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ തരുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും, എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തനിമയുള്ള രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കൈയ്യെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തനിമയുള്ള രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച് :→

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ തന്നെ പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ക്ലാസ്സ് വായന, ചങ്ങാതി വായന, സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം കൊടുക്കുന്നു.
- ഓരോ കുട്ടിയ്ക്കും ഓരോ പതിപ്പുകൾ.

# വിലയിരുത്തൽ :→

- കുട്ടികൾ സ്വന്തമായി രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങളും ക്ലാസ് റൂമിൽ നടപ്പിലാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ, ഉണ്ടാകുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളേയും, സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉണ്ടാക്കിയിട്ടുണ്ട്.

# ആമുഖം :→

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേരിട്ടുകൊണ്ടിരുന്നു. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും, ശാസ്ത്രത്തിലും, മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടി-യെടുക്കുമ്പോൾ ഗണിതം പിന്തള്ളിപ്പോകാതെ വ്യവഹാരത്തിൽ എത്തിക്കേണ്ടത് നമുക്കത്യാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ചുകൂടാനാവാത്ത അത്യന്താപേക്ഷിതമാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാത്ത ജീവിതം ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം, പാട്ടിലൂടെയും, കളികളിലൂടെയും ആസ്വാദ്യ-കരമാക്കാവുന്നതാണ്. പലതരത്തിൽ, ഗണിത ആശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ :->

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- 9 ൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തൊട്ടടുത്ത വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും, വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
* സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ :→

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ :-

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ :→

- സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതാൻ.
- ഗണിത ആശയം വ്യക്തമാക്കൽ.

## ജനുവരി :→

- ഒരക്ക സംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി :→

- ഗണിതശാസ്ത്രം പി.ടി. ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച് :→

- ഗണിത ആശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി, തുല്യം, എന്നിവ തിരിച്ചറിയുന്നു.

# മലയാളം

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക

വർഷാവസാനം സ്വതന്ത്രമായി ലേഖനത്തിൽ ഉൾപ്പെടുത്തുകയും വ്യക്തിഗതമായ രചനകളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു-വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം.

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തണം.
- കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ ഉസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ഇൻപുട്ട്.

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പാഠവും ഉൾക്കൊണ്ട്.)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനാസാമഗ്രികൾ നിർമ്മിക്കൽ.

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- വീട്ടുലൈബ്രറി ഒരുക്കൽ.
- ചിത്രവിവരണം.
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്തംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം - ചെയ്യൽ.

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി

അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന.

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ. (കവിതാപൂരണം)
- ലഘു വിവരണങ്ങൾ
  പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

ശാസ്ത്രമേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ. (ഭാഷണം, ലേഖനം, എഴുത്ത്)

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# Academic master plan.

## English.

Aims : To Speak, Read & write English without any mistakes.

Time : June, July, August.

June

Pretest

To develop listening skills & reading skills first.

Listening skills.

Games, Action songs Hello English activities, 2 conversations, skit stories.

Use ICT

Speaking skills.

Descriptions, growing sentences, picture reading, picture description

Self introduction.

Assembly activities: speech, book review, quiz riddles, self introduction etc.

July & August.

Reading skills.

News paper reading, library books reading, book review, reading breaking news. Find words. collect rhyming words.

Text book activities.

Writing skills.

make word web, picture description, word chain, sentence chain, make words and sentences · make riddles, conversations. Add more lines, develop story, description, letter Announcement, magazines.

അക്കാദമിക് മാസ്റ്റർ പ്ലാൻ.

പരിസരപഠനം

ലക്ഷ്യങ്ങൾ.

→ ചുറ്റുപാടുമുള്ള വിവിധ സസ്യങ്ങളുടെ തണ്ടിന്റെ കാഠിന്യം, വലുപ്പം, ആയുസ്സ്, വളരുന്ന ചുറ്റുപാട് എന്നിവയുമായി ബന്ധപ്പെട്ട സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും സസ്യലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

→ സസ്യങ്ങളുടെ വിത്ത്, വേര്, കാണ്ഡം, ഇല എന്നിവയിൽ നിന്നും പുതിയ സസ്യങ്ങൾ ഉണ്ടാകുന്നുവെന്ന് നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ തിരിച്ചറിയുകയും പ്രകൃതി വിസ്മയങ്ങൾ ആസ്വദിക്കുകയും ചെയ്യുക.

→ സസ്യഭാഗങ്ങളായ വേര്, തണ്ട് എന്നിവയുടെ ധർമ്മങ്ങൾ നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ കണ്ടെത്തുകയും വിസ്മയം കൊള്ളുകയും ചെയ്യുക.

→ നിരീക്ഷണം, ചർച്ച എന്നിവയിലൂടെ ഇലകളുടെയും പൂക്കളുടെയും സവിശേഷതകളും വൈവിധ്യങ്ങളും തിരിച്ചറിയുകയും ആസ്വദിക്കുകയും ചെയ്യുക.

→ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മനോഭാവം വളർത്തുക.

→ ചുറ്റുപാടുമുള്ള ജീവികളെ വളർത്തുജീവികളെന്നും അല്ലാത്തവയെന്നും തരംതിരിക്കാനുള്ള ശേഷി നേടുന്നതും വളർത്തുജീവികളെക്കൊണ്ടുള്ള വിവിധ പ്രയോജനങ്ങൾ തിരിച്ചറിയുകയും ചെയ്യുന്നതിലൂടെ പ്രകൃതിയിലെ ജീവജാലങ്ങൾക്കിടയിലുള്ള പരസ്പരബന്ധം തിരിച്ചറിഞ്ഞു പ്രവർത്തിക്കുക.

→ ചുറ്റുപാടുമുള്ള ജീവികളുടെ ശാരീരികസവിശേഷതകളിലെ വൈവിധ്യം നിരീക്ഷണത്തിലൂടെ തിരിച്ചറിയുക വഴി പ്രകൃതിയിലെ വൈവിധ്യത്തെ അംഗീകരിക്കാനും ആസ്വദിക്കാനും കഴിയുക.

→ ജീവികളുടെ സഞ്ചാരരീതി നിരീക്ഷിച്ച് സവിശേഷതകൾ കണ്ടെത്തി നിഗമനങ്ങളിലെത്തിച്ചേരുകയും ജീവികളുടെ ശാരീരിക സവിശേഷതകളും സഞ്ചാരരീതിയും തമ്മിലുള്ള ബന്ധം സംബന്ധിച്ച ധാരണകൾ രൂപീകരിക്കുകയും ചെയ്യുക.

→ ആഹാരരീതി അനുസരിച്ച് ജീവികളെ സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ എന്നിങ്ങനെ തരം-തിരിക്കുക. വ്യത്യസ്തജീവികളുടെ ശാരീരിക പ്രത്യേകതകളും ആഹാരരീതികളും താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുകയും ജന്തുലോകത്തെ വൈവിധ്യത്തെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

→ ചുറ്റുപാടുകളുടെ വൈവിധ്യം നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ ചിത്രശലഭത്തിന്റെ ജീവിതഘട്ടങ്ങൾ സംബന്ധിച്ച് ധാരണ നേടുക.

→ കവിതയിലൂടെയും ചിത്രനിരീക്ഷണത്തിലൂടെയും മഴയനു-ഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെയും മഴയ്ക്കുശേഷം ഉണ്ടായ മാറ്റങ്ങൾ നിരീക്ഷിച്ച് വിശകലനം ചെയ്യാനും അവതരിപ്പി-ക്കാനും കഴിയുക.

→ മഴവെള്ളം മണ്ണിലേക്ക് താഴുന്നതെങ്ങനെയെന്ന് കണ്ടെത്തുന്ന-തിനുള്ള ലഘു പരീക്ഷണങ്ങൾ നടത്തുന്നു.

→ ജലസ്രോതസ്സുകളെ നിരീക്ഷിച്ച് പട്ടികപ്പെടുത്തി ചിത്ര-നിരീക്ഷണത്തിലൂടെ ജീവികൾ പുഴയിലെ വെള്ളം എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്ന് കണ്ടെത്തുക.

→ ജലം ലഭിക്കാതെ വന്നാൽ ജീവജാലങ്ങൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ചർച്ചയിലൂടെ തിരിച്ചറിയുക.

→ മണ്ണുസംരക്ഷണ പ്രവർത്തനത്തിലേർപ്പെടുന്നു.

→ വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ശീലങ്ങൾ ആർജ്ജിക്കുകയും നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

→ പരിസരം ശുചിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ശുചിത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

→ മാലിന്യങ്ങളെ, ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ തരംതിരിക്കുന്ന രീതി നിരീക്ഷണ പരീക്ഷണ-ങ്ങളിലൂടെ തിരിച്ചറിഞ്ഞ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

ജൂൺ - ജൂലൈ

ഹരിതരുചി

* പ്രവേശകപ്രവർത്തനം
* സസ്യങ്ങളെ നിരീക്ഷിക്കുന്നു.
* ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു.
* കുറിപ്പു തയ്യാറാക്കൽ
* സസ്യങ്ങളെ തരംതിരിക്കൽ
* പ്രകൃതി നടത്തം
* പൂന്തോട്ടം രൂപീകരിക്കൽ
* വീഡിയോ പ്രദർശനം വിവിധതരം (ഇലവൃക്ഷത്തിൽ)
* സസ്യങ്ങളുടെ വളർച്ചാഘട്ടം ചിത്രീകരിക്കൽ
* ഇല പതിപ്പ് തയ്യാറാക്കൽ
* ഇലകളുടെ രേഖാചിത്രങ്ങൾ തയ്യാറാക്കൽ
* രൂപങ്ങൾ തയ്യാറാക്കൽ
* പൂക്കളുടെ ചിത്രങ്ങൾ ചേർത്ത് ഒന്നിച്ച power Point presentation.
* പൂക്കൾ ആൽബം തയ്യാറാക്കൽ
* കടങ്കഥാപതിപ്പ് [പൂക്കൾ പൂക്കളുടെ സവിശേഷതകൾ കണ്ടെത്തുന്ന)
* പൂക്കാത്ത സസ്യങ്ങൾ അന്വേഷണാത്മക പഠനം
* സസ്യ സംരക്ഷണ പോസ്റ്റർ, ജൈവ വൈവിധ്യ രജിസ്റ്റർ കാർഡുകൾ, നെയിം ബോർഡുകൾ.
* സസ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ചർച്ച

ഓഗസ്റ്റ് - സെപ്റ്റംബർ.

ജലവും മണ്ണും.

* മഴയ്ക്കു ശേഷം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ ചർച്ച ചെയ്യുന്നു. ചർച്ചക്കുറിപ്പ് തയ്യാറാക്കൽ.
* മഴയനുഭവങ്ങൾ പതിപ്പ്
* പ്ലാസ്റ്റിക് ബോട്ടിലോ (കുട്ടികൾ നിർമ്മിച്ച മഴമാപിനി)
* മഴമാപിനി നിർമ്മാണം.
* ലഘു പരീക്ഷണം (മഴവെള്ളം മണ്ണിലേക്ക് താഴുന്നതെങ്ങനെ എന്ന് കണ്ടെത്തുന്നതിനായി)
* സംഭാഷണം, കവിത
* കാർഡുകൾ (കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വിവിധ ജലസ്രോതസ്സുകൾ)
* ചിത്ര നിരീക്ഷണം. (ജീവികൾ പുഴയിലെ വെള്ളം എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തുന്നു)
* ചർച്ച
* മണ്ണിലറിവ് പരീക്ഷണം
* മണ്ണ് നിരീക്ഷണം, ചോദ്യങ്ങൾ പട്ടിക തയ്യാറാക്കൽ.
* കളിമൺ രൂപങ്ങൾ നിർമ്മാണം, പ്രദർശനം
* ICT മണ്ണ് ചോദ്യങ്ങൾ
* മണ്ണിൽ ജീവിക്കുന്ന ജീവികൾ നിരീക്ഷണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ [ഗണിതം]

ലക്ഷ്യങ്ങൾ.

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

* നിത്യജീവിതത്തിലെ വിവിധ അവസരങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു, നിർമ്മിക്കുന്നു.
* നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയ രൂപങ്ങളുടെ ഭംഗി ആസ്വദിക്കുന്നു.
* ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.
* ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു; അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു; പാറ്റേണുകൾ വരയ്ക്കുന്നു.
* മൂന്നക്ക സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും വായിക്കുകയും എഴുതുകയും ചെയ്യുന്നു.
* സ്ഥാനവില അനുസരിച്ചും അല്ലാതെയും മൂന്നക്ക-സംഖ്യകൾ പിരിച്ചെഴുതുന്നു.
* നിത്യജീവിത സന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും ആയിരം വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.
* 1,000 വരെയുള്ള സംഖ്യകൾ തമ്മിലുള്ള പരസ്പര ബന്ധവും സംഖ്യാപ്രത്യേകതകളും കണ്ടെത്തുന്നു. അവയുടെ സൗന്ദര്യാത്മകത ആസ്വദിക്കുന്നു.

* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാണയങ്ങളും കറൻസികളും ഉപയോഗിച്ചുള്ള ക്രയവിക്രയം നടത്തുന്നു.

* സംഖ്യാബന്ധങ്ങൾ വിശകലനം ചെയ്തും അപഗ്രഥിച്ചും നിഗമനങ്ങൾ രൂപീകരിക്കുന്നു. സാമാന്യവത്കരിക്കുന്നു.

* നിത്യജീവിത സന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു; പ്രശ്നപരിഹരണം നടത്തുന്നു.

* നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് വരുന്ന സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു, അപഗ്രഥിക്കുന്നു. നിർധാരണം ചെയ്യുന്നു, നിഗമനങ്ങൾ രൂപീകരിക്കുന്നു.

* വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ആശയങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.

* നീളം അളക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നു.

* വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട സംഖ്യകളുടെ ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.

* ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു, നിർധാരണം ചെയ്ത് നിഗമനം രൂപീകരിക്കുന്നു.

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ.

ജൂൺ - ജൂലൈ

രൂപങ്ങൾ വരയ്ക്കാം.

- → പ്രീ ടെസ്റ്റ് നടത്തുന്നു.
- → ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു.
- → ആശംസകാർഡ് നിർമ്മാണം (രൂപങ്ങൾ വെച്ച്)
- → മരത്തട രൂപങ്ങൾ നിർമ്മാണം
- → ഗണിത രൂപങ്ങൾ കൊണ്ടുള്ള ചിത്രരചന
- → ഒറിഗാമി ശില്പശാല
- → ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ
- → വെജിറ്റബിൾ പ്രിന്റിംഗ്

ജൂലൈ - ആഗസ്റ്റ്

സംഖ്യകൾ കൂട്ടുകാർ

- → സംഖ്യാകാർഡ് നിർമ്മാണം
- → സംഖ്യാസ്ട്രിപ്പ് നിർമ്മാണം
- → ചെക്ക് നിർമ്മാണം
- → കമ്പുകെട്ടുകൾ കൊണ്ട് സ്ഥാനവിലകൾ
- → അബാക്കസ് ഉപയോഗിച്ചുള്ള പഠനരീതി ആവിഷ്കരിക്കൽ
- → സംഖ്യാമാല നിർമ്മാണം (പ്രശ്നപരിഹരണ ശേഷി വർദ്ധിക്കുന്നു)

ആഗസ്റ്റ്

ആയിരം.... ആയിരം

→ നമ്പറുകളാം

- സംഖ്യകൾ എഴുതിയ നമ്പർ കുട്ടികൾക്ക് നൽകുന്നു
- കിട്ടിയ സംഖ്യ വായിക്കുന്നു
- മറ്റുള്ളവർ സംഖ്യ എഴുതുന്നു.
- കിട്ടിയ നമ്പറിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.

→ വിവിധ സംഖ്യ ചാർട്ടുകൾ പൂർത്തിയാക്കൽ

→ വ്യത്യസ്ത സംഖ്യകൾ നൽകുന്നു ആരോഹണ ക്രമം അവരോഹണ ക്രമം എഴുതുക.

സെപ്റ്റംബർ

കൂട്ടു കൂടാം.

→ സ്ഥാന വില കാർഡുകൾ നിർമ്മാണം

→ ഗണിത കളികൾ

→ സംഖ്യ ചാർട്ടുകൾ പൂർത്തിയാക്കൽ പുതിയ ചാർട്ടുകൾ നിർമ്മിക്കൽ

സെപ്റ്റംബർ - ഒക്ടോബർ

അളന്നു കുറിക്കാം.

→ രൂപങ്ങൾ നിർമ്മിക്കൽ

→ പല അളവുകൾ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായും സൂക്ഷ്മമായും അളന്നെടുക്കൽ.

→ വിവിധ കളികളിലൂടെ ആശയഗ്രഹണം

ഉദ്ദേശ്യം

കുട്ടി.... കുട്ടിക്കുട്ടി.

→ ചിരിക്കാൻ പാട്ടുകൾ

→ ഗുണനമാക്കാൻ പാട്ടുകൾ

→ വിവിധ കളികൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

→ കുട്ടികൾക്ക് സ്വന്തം പാട്ടുകൾ തയ്യാറാക്കാൻ അവസരം നൽകൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു നിർമ്മിക്കുന്നു. | ഗണിത രൂപങ്ങൾ നിർമ്മാണം<br>മരങ്ങ രൂപങ്ങൾ നിർമ്മാണം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ. | |
| മൂന്നക്ക സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും ചാർട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. | സംഖ്യാ കാർഡ് നിർമ്മാണം<br>സംഖ്യാ സ്ട്രിപ്പ് നിർമ്മാണം<br>സംഖ്യ ചാർട്ട് പൂർത്തിയാക്കൽ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്ന പ്രശ്നപരിഹാരണം നടത്തുന്നു. | | | | |
| സംഖ്യകളുടെ ഗുണനത്തില ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു | ചിത്ര കാർഡുകൾ<br>ഗുണന കാർഡുകൾ നിർമ്മാണം. | സെപ്തംബർ | ക്ലാസ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ. [മലയാളം]

## ലക്ഷ്യങ്ങൾ.

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

→ സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

→ കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

→ രചനകൾ ഭാവാത്മകമായി വായിക്കും.

→ ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട് കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

→ ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

→ കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

→ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ.

ജൂൺ - ജൂലൈ

1. കനകച്ചിലങ്ക.

* നാടൻ പാട്ടുകൾ ശേഖരണം (മുതിർന്നവരിൽ നിന്ന്)
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥ പയറ്റ്
* കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം.
* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
* പാവ നാടകത്തെ അടുത്തറിയാം - ശില്പശാല
* ധ്വനി തരംഗങ്ങൾ (കുഞ്ഞിപ്പറയൽ, നവകാരികളായ ഭാഷ)

ആഗസ്റ്റ്, സെപ്റ്റംബർ.

പലഹാരപ്പൊതി

* കുട്ടികൾ വരച്ച ചിത്രങ്ങളുമുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.
* നാടക ശില്പശാല
* ചിത്ര വായന - ആശയങ്ങൾ കണ്ടെത്തൽ.
* റോൾപ്ലേ തയ്യാറാക്കൽ, അവതരിപ്പിക്കൽ :- കഥാപാത്രങ്ങളെ നിശ്ചയിക്കുന്നതിൽ പുലർത്തുന്ന ജാഗ്രത, ഉചിതമായ അഭിനയം, മുഖഭാവം, ശരീരചലനങ്ങൾ
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം. (ഈണം, താളം, വ്യത്യസ്തമായ ഊന്നലുകൾ എന്നിവ പുലർത്തിക്കൊണ്ടുള്ള കവിത ചൊല്ലൽ)
* ഡയറി എഴുത്ത്
* ചോദ്യങ്ങൾ നിർമ്മാണം
* പഴഞ്ചൊൽ വായന
* കടങ്കഥയുടെ ഉത്തരം കണ്ടെത്തൽ, പുതിയ കടങ്കഥാ രചന
* പലഹാരക്കുറിപ്പ് തയ്യാറാക്കൽ.
* പലഹാരപ്പാട്ട് ചൊല്ലൽ ശേഖരണം പതിപ്പുനിർമ്മാണം
* ശുചീകരണ നിയമാവലികൾ (ഹരിതകർമ്മ സേനാംഗങ്ങൾ
* ഇനങ്ങൾ മാതൃകകൾ

* ഭാവാത്മക വായന

* പദ്യാവതരണം

* പാഠഭാഗവും മനുഷ്യജീവിതവും തമ്മിലുള്ള ബന്ധം വിശദീകരിക്കൽ.

(സ്കൂൾ പഠനം)

* ചർച്ച

* കഥ ചാർട്ടിലാക്കൽ

* വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

* സി. പി. ടി. എ. മൂന്നാം [illegible]

* നാടോടിക്കഥകളുടെ അവതരണം, നാടൻ പാട്ടുകളുടെ അവതരണം, പാവനാടക അവതരണം.

ഒക്ടോബർ.

മനുഷ്യന്റെ കൈകൾ.

* കൃഷിയിടം സന്ദർശനം

* കൃഷിപ്പാട്ടുകൾ കൃഷിപ്പഴഞ്ചൊല്ലുകൾ അവതരണം

* ചിത്രം വായിച്ച് അഭിപ്രായ പ്രകടനം നടത്തൽ.

* ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുംവിധം ഉചിതമായ ശബ്ദവ്യതിയാനത്തോടെ വായിക്കൽ.

* കൃഷിപ്പാട്ടുകളുടെ ചിത്രീകരണം.

* നിലമൊരുക്കൽ പരിപാലനം, വിളവെടുപ്പ്, [illegible] ക്രമത്തിലാക്കൽ.

* വിവാഹം നടത്താറുണ്ട്

* ഘോഷയാത്ര വാദ്യമേളങ്ങൾ, വരികൾ ഉണ്ടാകാറുണ്ട്

* നാടൻപാട്ട് - ദൃശ്യാവിഷ്കാരം / കോലാട്ടക്കാഴ്ച

Learning objectives.

The learner

* listens to the instructions and acts accordingly.
* enjoys rhymes/ poems and adds lines.
* narrates a story.
* Rearranges events to frame a Story.
* Writes descriptions based on a given context.
* Writes conversations relevant to the context.
* reads and comprehends simple Stories.
* Write thoughts and Feelings of characters.
* Write declarative sentences in suitable contexts
* takes part in role plays and skits
* uses "ing" forms in sentences.
* Writes the process of making a recipe.
* gets familiarised with words like "accept" "applaud" "appreciate" "dais" echo etc
* Identifies describing words.
* Different types of celebrations and Festivals
* Ill-effects of pollution
* Listens to simple instructions and acts accordingly
* listens to simple Stories related to festivals.
* Recites and enjoys Simple rhymes and adds more lines to a given rhyme.
* Values of compassion and concern for fellow beings.

June - July.

Tender Touch.

* chat box
* Picture reading
* Sequencing the events.
* Emoji matching.
* Puzzle
* Audio text of the text and the poem.
* Audio of the poem
* Digitasks (cookery video with commentary, Audio diary)

July - August

Festive Fun.

→ project
→ Write the conversation.
→ Rhymes
→ Write the poster
→ make the greeting card.
→ Origami
→ Write Description.
→ Recast
→ Placards
→ Projects

September - October

In Harmony.

→ Conversation
→ Write Diary.
→ Description writing.
→ puzzles
→ Audio text of the story.
→ Video clip of the story.
→ Audio text of the poem.
→ pictures from the story.
→ pictures of animals and their young ones.

Date: Expt: Page No:

# ACADEMIC MASTER PLAN - E.V.S

Std. IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| * ആവാസ വ്യവസ്ഥ വൈവിധ്യം മനസ്സിലാക്കുക<br>* സസ്യങ്ങളുടെയും ജന്തുക്കളുടെയും അനുകൂലനം.<br>* പ്രകൃതി സംരക്ഷണം. | * വ്യത്യസ്ത ജീവജാലങ്ങളുടെ അനുകൂലനം → ചിത്രശേഖരണം.<br>* പ്രകൃതിദത്ത ആവാസങ്ങൾ മനുഷ്യ നിർമ്മിത ആവാസങ്ങൾ – വിവരശേഖരണം.<br>* പ്രകൃതി ദുരന്തങ്ങൾ - കാരണങ്ങൾ – ചർച്ച | ജൂൺ & ജൂലൈ | |
| * ദേശസ്നേഹം വളർത്തുക<br>* സ്വാതന്ത്ര്യ സമര സേനാനികളോട് ആദരവ്<br>* ഇന്ത്യയിലെ വൈവിധ്യങ്ങൾ | * സ്വാതന്ത്ര്യ സമര സേനാനികൾ – ആൽബം.<br>* സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾ – ടൈം ലൈൻ<br>* വ്യത്യസ്ത സംസ്ഥാനങ്ങളിലെ നൃത്തരൂപം – ആൽബം | | |
| * പക്ഷി നിരീക്ഷണം. സവിശേഷതകൾ വിശകലനം. | * പക്ഷികളുടെ ചിത്രശേഖരണം – ആൽബം.<br>* സലിം അലി – ജീവചരിത്രക്കുറിപ്പ് | | |

Date: Expt: Page No:

ACADEMIC MASTER PLAN - Maths, Std. IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വിവിധ തരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| • മൂല്യനിർണയം [എണ്ണിയും പറഞ്ഞും സങ്കലനം, വ്യവകലനം] | ഗണിതപഠനം എളുപ്പമാക്കുക | | ക്ലാസ് ടീച്ചർ H.M | |
| • ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത-ശാസ്ത്ര പഠനം രസകരമാക്കൽ | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| • ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കൽ | വർഷം മുഴുവൻ | | |

Date: Expt: Page No:

| | | | | |
|---|---|---|---|---|
| · ഗണിതപ്പാട്ടുകൾ<br>· ഗണിതപ്പാട്ടുകൾ ശേഖരിക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ<br>· പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

Date: Expt: Page No:

| | | | | |
|---|---|---|---|---|
| • ഗണിതമേള | ഗണിതശേഷികളുടെ പ്രകാശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | |
| • പ്രശ്നോത്തരി പാഠേതര പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | ഗണിതശേഷി ഉയർത്താൻ | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |

Date: Expt: Page No:

# ACADEMIC MASTER PLAN - ENGLISH Std. IV

| AIMS | ACTIVITIES | DURATION | CHARGE |
|---|---|---|---|
| * Improve the wage of English in speaking, Reading and writing | * Pretest<br>* Picture reading<br>* Self introduction<br>* Assembly conduction<br>* Identify action words and naming words | June & July<br>→ once in a week | |
| * Writing English without making mistakes<br>* Proper reading of passage (voice modulation, Punctuation etc) | * Newspaper reading<br>* Library book reading<br>* Describing words<br>* Textbook activities<br>* Make sentences<br>* Make conversation<br>* Add more lines<br>* Picture description | July & August | |
| * Creativity Enhancement | * Story developing<br>* Reading & writing diary<br>* Letter<br>* Notice<br>* Textbook activities | Throughout the year | |

Date: | Expt: | Page No:

| AIMS | ACTIVITIES | DURATION | CHARGE |
|---|---|---|---|
| English Theatre (creativity enhancing) | * Skit<br>* Drama<br>* Conversation<br>* Story telling (Related to work) | Throughout the year | class Teacher, HM, SRG |
| English corner (improve reading) | * Book review<br>* Library books reading<br>* Briefing the content | * Once in a month<br>* once in a week | class teacher, students |
| Reading fluently by analyzing the content | * Reading competition<br>* English Baalasabha | Once in a month | |
| English Fest - To make the learner, more confident while speaking & writing English | | | |

# മധുരം മലയാളം - ഭാഷാപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| · ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| · ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠന നിലവാരം ഉയർത്താൻ | വർഷം മുഴുവൻ | HM, ക്ലാസ് ടീച്ചർ | PTA |
| · വായിക്കാം വളരാം. | വായനാശേഷി വളർത്താൻ | | HM, ക്ലാസ് ടീച്ചർ | |
| · ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | വായനാശേഷി വളർത്താൻ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | |
| · എഴുതാം, തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം | SRG, ക്ലാസ് ടീച്ചർ | PTA |
| · എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വളർത്തൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

Date: Expt: Page No:

| | | | | |
|---|---|---|---|---|
| • കണ്ടറിയാം, കേട്ടറിയാം. | അറിവ് ഡോക്യു-മെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാ-നുസരണം | ക്ലാസ് ടീച്ചർ | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോ സംഘടിപ്പി-ക്കൽ, പ്രദർശിപ്പിക്കൽ | വേഗത്തിലുള്ള പഠനം, പാഠഭാഗ-ങ്ങൾ വേഗത്തിൽ മനസിലാക്കുന്നു | ആവശ്യാ-നുസരണം | ക്ലാസ് ടീച്ചർ | |
| • രുചിച്ചറിയാം | നമ്മുടെ പ്രാചീന ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒരു തവണ | SRG ക്ലാസ് ടീച്ചർ | |
| • ഭക്ഷ്യമേള പാചകക്കുറിപ്പ് ശേഖരിച്ച് പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | ഭക്ഷ്യ വിഭവങ്ങൾ തിരിച്ചറിയൽ | ആവശ്യാ-നുസരണം | SRG ക്ലാസ് ടീച്ചർ | PTA |

Date: Expt: Page No:

| | | | | |
|---|---|---|---|---|
| · ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | |
| · സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനങ്ങൾ ആചരിക്കൽ, പുസ്തക പരിചയം, ക്വിസ് ജീവിതരേഖ, പതിപ്പ്, നിർമ്മാണം, പ്രദർശനം | സാഹിത്യകാരന്മാരെ പരിചയപ്പെടൽ | പാഠഭാഗമനുസരിച്ച് | SRG ക്ലാസ് ടീച്ചർ | |
| · കലാക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG ക്ലാസ് ടീച്ചർ | PTA |
| · പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം | | | | |